സ്കീമിൽ ഉൾപ്പെടുത്തി നബാർഡ് ധനസഹായം ലഭ്യമാക്കണമെന്ന പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രൊപ്പോസൽ മുഖേന എത്ര തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണത്തിനായി ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നബാർഡ് ധനസഹായം ലഭ്യമാക്കണമെന്ന പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസൽ മുഖേന 124.00 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) മുൻഗണനാക്രമ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയായിരുന്നില്ല. കൂടാതെ 28-1-2015 നുശേഷം നൽകിയ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ NABARD സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഭക്ഷ്യപോഷകാഹാര സംസ്കരണ കേന്ദ്രം

29 (1397) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഭക്ഷ്യപോഷകാഹാര സംസ്കരണ കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് ഏത് രീതിയിൽ കൈമാറാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഗ്രാമ വികസന കമ്മീഷണർക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 'കുടുംബശ്രീ' 2010-ൽ തയ്യാറാക്കിയ പ്രൊപ്പോസൽ കാലോചിതമായി പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി

30 (1398) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഓരോ സാമ്പത്തിക വർഷവും തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് വിശദമാക്കാമോ ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര തൊഴിലാളികൾക്ക് ആകെ എത്ര തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ)
2011-12	633.1
2012-13	837.74
2013-14	865.94
2014-15	588.19
2015-16 (5-6-2015 വരെ)	15.62461

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly